# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2526**

**08/5/2017** -ലെ മറുപടി

## പത്തനാപുരം മണ്ഡലത്തിന് വാട്ടർ അതോറിറ്റി അനുവദിച്ച തുക

**ചോദ്യം**

ശ്രീ. കെ.ബി.ഗണേഷ് കുമാർ

2017 മാർച്ച് മുതൽ മെയ് വരെ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും കൂടാതെ പത്തനാപുരം നിയോജക മണ്ഡലത്തിന് അനുവദിക്കപ്പെട്ട തുകയും എത്രയെന്ന് വിശദമാക്കുമോ?

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

2017 മാർച്ച് മുതൽ മെയ് വരെ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി നാൽപത് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(തുക ലക്ഷം രൂപയിൽ)

| ജില്ല | ഭരണാനുമതി നൽകിയ തുക |
|---|---|
| തിരുവനന്തപുരം | 386.69 |
| കൊല്ലം | 181.74 |
| പത്തനംതിട്ട | 191.10 |
| ആലപ്പുഴ | 155.75 |
| കോട്ടയം | 183.65 |
| ഇടുക്കി | 39.85 |
| എറണാകുളം | 337.28 |
| തൃശ്ശൂർ | 149.36 |
| പാലക്കാട് | 189.95 |
| മലപ്പുറം | 320.05 |
| കോഴിക്കോട് | 178.21 |
| വയനാട് | 96.63 |
| കണ്ണൂർ | 297.54 |
| കാസർഗോഡ് | 150.15 |

ഇതിനുപുറമെ തിരുവനന്തപുരം നഗരത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് നെയ്യാറിൽ നിന്നും അരുവിക്കരയിലേക്ക് ജലം എത്തിക്കാൻ ആറുകോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. പത്തനാപുരം മണ്ഡലത്തിനും പിറവന്തൂർ പഞ്ചായത്തിനുമുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻടേക്ക് വെല്ലിന്റെ ശുദ്ധീകരണത്തിനായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/